# Intellect




digital magazine by LK students 2022-25 batch GHSS Kottayam Malabar

# Editor's page

Editorial members



Teacher editors



Ragi P V



Veena T

ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ അധ്യാപകരുടെ സഹായത്തോടെ നിർമ്മിച്ച ഈ ഡിജിറ്റൽ മാഗസിനിൽ ഈ സ്കൂളിലെ അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും രചനകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. മാഗസിൻ എഡിറ്റ് ചെയ്ത് നിർമ്മിക്കുന്നതിന് സഹായിച്ച അധ്യാപകർക്കും രചനകൾ ചിത്രങ്ങൾ തുടങ്ങിയവ നൽകി സഹകരിച്ച അധ്യാപകർക്കും വിദ്യാർത്ഥികൾക്കും 2022 25 ബാച്ചിന്റെ നന്ദി അറിയിക്കുന്നു



# സമർപ്പണം

ഡിജിറ്റൽ മാധ്യമങ്ങൾക്ക് വിവരങ്ങൾ
സ്വീകരിക്കുന്നതിലും നിർമ്മിക്കുന്നതിലും
പങ്കുവെക്കുന്നതിനുള്ള പങ്ക് വളരെ വലുതാണ്.വിവരങ്ങൾ
നിർമ്മിക്കുന്നതിനും പങ്കുവെക്കുന്നതിനും ഉള്ള വേഗതയും
എളുപ്പവുംഡിജിറ്റൽ മാധ്യമങ്ങളെ കൂടുതൽ ജനപ്രിയമാക്കുന്നു .

2022-25 ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിനാണ് ഇത്.
ഈ സ്കൂളിലെ കുട്ടികളുടെയും അധ്യാപകരുടെയും ജീവനക്കാരുടെയും രചനകളും
കലാസൃഷ്ടികളും ആണ് ഈ മാഗസീനിൽ ഉൾപ്പെടുത്തിയിട്ടുള്ളത്

ഇത്ര ഭംഗിയായി ഒരു ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്നതിന് ഈ 2022-25
ബാച്ച് ലിറ്റിൽ കൈറ്റ്സ് അംഗങ്ങളോടും രചനകളും കലാസൃഷ്ടികളും നൽകിയ
അധ്യാപകരോടും അനധ്യാപകരോടും വിദ്യാർത്ഥികളോടും എന്റെ നന്ദി
അറിയിക്കുന്നു. .

എ കെ ഗീത
ഹെഡ്മിസ്ട്രസ്
ജി എച്ച് എസ് എസ് കോട്ടയം മലബാർ

# Daisy

When I was walking on a foot path
I saw a beautiful flower
On the hands of a little girl
The girl was very calm and clever
The white flower with
Long petals, yellow coloured
And Dots on the middle
I can't take my eyes
From that flower
I searched for the flower everywhere
Every path and every corner
But I could'nt find the flower



Few days after
I saw the flower
Blooming beautifully with power,
In a garden full of sunflower
That was a beautiful scenery
In the middle of that greenery
How beautiful is this "daisy"
It made me think crazy

IFFAH FATHIMA KP
Class : 8B

# വേരുകൾ

---------------------

വേരുകൾ അങ്ങനെയാണ്.
നല്ലത് തിരഞ്ഞു
പൊയ്ക്കൊണ്ടേയിരിക്കും..
പിന്നിട്ട കാലത്തിലേക്കോ,
വരാനിരിക്കുന്ന നാളെയുടെ
വിടരാൻ കൊതിക്കുന്ന
കണ്ണുകളിലേക്കോ,
ഇരുട്ടുകൊണ്ടടച്ചു
ഭദ്രമാക്കിയ ചോരപ്പാടുകളിലേക്കോ,
അത് -
നിർഭയം നടന്നു ചെല്ലും.
അമർത്തിയ നിലവിളികളും,
തിരിച്ചറിവിന്റെ പൊട്ടിച്ചിരികളും,
താരാട്ടിന്റെ നനവും,
കിനാവിന്റെ കുപ്പിച്ചില്ലുകളും,
ആരുമറിയാതെ വലിച്ചെടുത്ത്,
സിരകളിലേക്ക് തിരിച്ചൊഴുകും.
അവയെല്ലാം -
നേരിന്റെ പൂക്കളായ് ചില്ലകളിൽ
വിരിയുമെന്ന് കിനാവുകാണും.
**      **



ചില വേരുകളുണ്ട്..
വാക്കിന്റെ പൊരുൾ തേടിപ്പോയവ.
മൗനത്തിന്റെ വാൽമീകം തുരന്ന്
കനപ്പെട്ടതെന്തൊക്കെയോ
അരിച്ചൂറ്റിയെടുത്ത്
മൊഴിമാറ്റിക്കൊണ്ടുവരാൻ പോയവ.
ആറ്റിക്കുറുക്കിയ നേരുകൾ
നിശബ്ദനാക്കപ്പെട്ടവന്റെ ശബ്ദമായി
ചില്ലകൾ നിറയെ
പൊട്ടിക്കിളിർക്കുമെന്ന് കിനാവു
കാണും.
**      ** **

പക്ഷേ -
ചില വേരുകളുണ്ട്. ഒഴുകാനിടം
കിട്ടാതെ
പുറപ്പെട്ടിടത്തേക്കു തന്നെ
തിരിച്ചൊഴുകി
ഓർമ്മയുടെ നനവ് മാത്രം
ബാക്കിയാക്കി
മാഞ്ഞു പോകുന്നവ.
വാക്കിനും മൗനത്തിനുമിടയിൽ പിടഞ്ഞ്
ശ്വാസമറ്റു പോയ വേരുകൾ .
ചരിത്രത്തിന്റെ ഉപ്പുഭരണികളിൽ
അവയിന്നും സുരക്ഷിതമാണെന്ന് കേട്ട്
ഇപ്പോൾ വേരുകളൊന്നും അനങ്ങാറില്ലെന്ന്
ആരോ പറഞ്ഞു.

സുമ എ.കെ.
അധ്യാപിക
ജി.എച്ച്.എസ്.എസ് കോട്ടയം
മലബാർ .

# മാതാപിതാക്കളുടെ സന്തോഷങ്ങൾ

ഒന്നാം ക്ലാസിൽ പഠിക്കുന്ന സമയത്ത് എന്റെ ഉപ്പാക്കും ഉമ്മാക്കും ഒരുപാട് സ്വപ്നങ്ങൾ ഉണ്ടായിരുന്നു എല്ലാ മാതാപിതാക്കളെ പോലെ മകൾ മിടുക്കിയായി പഠിച്ചുവളരാൻ അവർ ആഗ്രഹിച്ചു പരീക്ഷ കഴിഞ്ഞു വീട്ടിലേക്ക് വരുമ്പോൾ എന്നെ കാത്തു വീടിന്റെ മുൻപിൽ ഉണ്ടാകും അത് അടിക്കാനോ തോഴിക്കാനോ അല്ല പരീക്ഷയ്ക്ക് എത്ര മാർക്ക് കിട്ടി എന്ന് നോക്കാൻ വേണ്ടി അപ്പോൾ എന്റെ സ്ലേറ്റ് മാറത്ത് അടുക്കിപ്പിടിച്ച് കൊണ്ടാണ് എന്റെ വരവ്. ഗേറ്റിന്റെ അരികിൽ എത്തുമ്പോൾ ഉമ്മ ചോദിക്കും മോളെ എത്ര മാർക്ക് കിട്ടി " 25ൽ 25 " സന്തോഷത്തോടെ ഞാൻ പറയും എന്നിട്ട് സ്ലേറ്റ് ഉയർത്തി ഉമ്മാനെ കാണിക്കും.

ആ സന്തോഷം ഒക്കെ കഴിഞ്ഞാൽ പിന്നീട് ഉമ്മാന്റെ ഒരു ചോദ്യം ഉണ്ടാകും മോളെ അപ്പുറത്തെ വീട്ടിലെ നിന്റെ കൂട്ടുകാരിക്ക് എത്രയാണ്.അപ്പോൾ ഞാൻ പറയും അവൾക്ക് 18 ആണ് ഉമ്മ അതും ഉമ്മാക്ക് സന്തോഷമുള്ള കാര്യമാണ്.

പിന്നെ വിചാരിക്കും ഞാൻ കുട്ടികളെ നിയന്ത്രിക്കുന്ന ഒരു ടീച്ചർ ആവണമെന്ന് ഇതൊക്കെയാണ് നമ്മുടെ മാതാപിതാക്കൾക്ക് സന്തോഷം നൽകുന്ന കാര്യങ്ങൾ എന്ന് മനസ്സിലായില്ലേ,,,, ഇതൊക്കെയാണ് അവരുടെ സന്തോഷം എന്നു പറയുന്നത്. നമ്മൾ അവരെ എത്ര സന്തോഷിപ്പിച്ചോ അതേ നമ്മുക്ക് എല്ല ഇടത്തു നിന്ന് കിട്ടുള്ളു നമ്മൾ അവരെ എത്ര വേദനിപ്പിച്ചോ അതിന്റെ ഇരട്ടി വേദന നമ്മുക്ക് ദൈവം തരും ഇത് നിങ്ങൾക്ക് ഒരു പാഠമായിരിക്കട്ടെ

ഫാത്തിമത്തുൽ ഹിബ

# ബാലുവും മാങ്ങയും

ഒരു ദിവസം ബാലു കൂട്ടുകാരോടൊപ്പം കളിക്കാൻ പോയി. അവൻ മൈതാനത്ത് നിന്ന് ഫുട്ബോൾ കളിക്കുകയായിരുന്നു.പെട്ടെന്ന് പന്ത് കാട്ടിനുള്ളിലേക്ക് പോയി. ബാലു ആ പന്ത് എടുക്കാൻ പോയപ്പോൾ അവിടെ ഒരു മാവ് കണ്ടു മാവിൽ നിറയെ മാങ്ങകൾ ഉണ്ടായിരുന്നു അവന് മാങ്ങകൾ വേണമെന്ന് തോന്നി. ബാലു മാങ്ങ പറിക്കാനായി മാവിൽ കയറാൻ ശ്രമിച്ചു പക്ഷേ അവന് കയറാൻ കഴിഞ്ഞില്ല കുറെ തവണ ശ്രമിച്ചു. നിരാശപ്പെട്ട് പിന്തിരിഞ്ഞ് നടക്കാൻ തുടങ്ങിയപ്പോഴാണ് അവൻ ഒരു കരടി വരുന്നത് കണ്ടത്. അവൻ പേടിച്ചുപോയി രക്ഷപ്പെടാനുള്ള ശ്രമത്തിനിടയിൽ അവൻ എങ്ങനെയൊക്കെയോ ആ മാവിന് മുകളിൽ വലിഞ്ഞു കയറി. മാവിൻ കൊമ്പിൽ അള്ളിപ്പിടിച്ചിരുന്ന അവൻ താഴേക്ക് നോക്കി കരടി തന്നെ കണ്ടിട്ടില്ല അത് ഒന്നുമറിയാത്ത പോലെ നടന്നു പോകുന്നു. അവന് ആശ്വാസമായി. അപ്പോഴാണ് അവൻ ചുറ്റും തൂങ്ങി നിൽക്കുന്ന പഴുത്ത മാങ്ങകൾ കണ്ടത് അവന് വളരെയധികം സന്തോഷമായി അവൻ കുറെ മാങ്ങകൾ പറിച്ച് തിന്നു. കൂട്ടുകാർക്ക് കൊടുക്കാനായി കുറേ പറിച്ച താഴേക്കിട്ടു. അപ്പോഴാണ് അവൻ കണ്ടത് തന്റെ കാണാതായ പന്ത് തൊട്ടടുത്ത് ഒരു കുറ്റിക്കാട്ടിൽ മറഞ്ഞു കിടക്കുന്നു.അവൻ ഓടിച്ചെന്ന് പന്ത് എടുത്തു മാങ്ങകളും പന്തുമായി അവൻ കൂട്ടുകാരുടെ അടുത്തേക്ക് സന്തോഷത്തോടെ ഓടിപ്പോയി.



മിഥുൻ കൃഷ്ണ.പി.വി.

നാലാം ക്ലാസ്സ്.

ജി. എ ച്ച് .എസ്. എസ്. കോട്ടയം മലബാർ.

# അത്യാഗ്രഹം വരുത്തിയ ആപത്ത്.

പണ്ട് നൂറനാട് എന്ന് പറഞ്ഞ ഒരു ഗ്രാമത്തിൽ രവി എന്ന് പേരുള്ള ഒരു ഐസ് വില്പനക്കാരൻ ഉണ്ടായിരുന്നു. എപ്പോഴും നാലുമണിക്ക് ശേഷം അവിടെ നല്ലപോലെ തിരക്കായിരിക്കും കുട്ടികളും, വലിയവരും എല്ലാം അവിടെനിന്ന് ഐസ് വാങ്ങിക്കാൻ എത്തും.നാളുകൾ കഴിയുംതോറും രവിക്ക് കൂടുതൽ പണം കിട്ടാൻ തുടങ്ങി തൊട്ടടുത്ത കടക്കാരനായ ജയന് രവിയോട് അസൂയയായി ജയന് പണത്തോട് അത്യാഗ്രഹമായിരുന്നു ജയന്റെ കടയിലുള്ള ഐസ് ഗുണമില്ലാത്തതിനാൽ ആരും വാങ്ങിക്കാറില്ലായിരുന്നു. രവിയുടെ വളർച്ചയിൽ അസൂയ പൂണ്ട ജയൻ തന്റെ ഐസിൽ രുചി കൂട്ടാനുള്ള പലതരം രാസവസ്തുക്കൾ ചേർക്കാൻ തുടങ്ങി. അതോടെ ജയന്റെ കടയിൽ ഐസിനായി ആൾക്കാർ തിക്കി ത്തിരക്കി തുടങ്ങി പക്ഷേ ഇത് കുറച്ചുനാൾ മാത്രമേ നീണ്ടു നിന്നുള്ളൂ..അവിടെ നിന്ന് ഐസ് കഴിച്ചവർക്കെല്ലാം വയറിളക്കവും മറ്റ് രോഗങ്ങളും വന്നതുകൊണ്ട് അവർ പിന്നീട് ജയന്റെ കടയിലേക്ക് വരാതെയായി. അതുമാത്രമല്ല ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ വന്ന് ജയന്റെ കട അടപ്പിക്കുകയും ചെയ്തു. അതോടെ നല്ലവനായ രവിക്ക് വീണ്ടും കച്ചവടം കിട്ടിത്തുടങ്ങി. നമ്മൾ ചെറിയ ലാഭത്തിനു വേണ്ടി  മറ്റുള്ളവരെ പറ്റിക്കരുതെന്ന് ജയന് മനസ്സിലായി.

ഫാത്തിമത്ത് സഫ. വി.
നാലാം ക്ലാസ്സ്.
ജി.എച്ച്. എസ്. എസ്. കോട്ടയം മലബാർ.

# നീരവ് എസ് ഗണേഷിന്റെ വരകളിലൂടെ









കുട്ടിക്കവിത

# തെയ്യം



തെയ് തക തെയ്യക
താളത്തിൽ
ചെണ്ടകൾ കൈമണി
നാവിളക്കം
തിത്തോം തിത്തോം
താളത്തിൽ
തെയ്യച്ചുവടിന്
ഹാലിളക്കം
ഉറയുന്നു -
ണ്ടുരിയാട്ടം മുക്കുന്നുണ്ട്
ചെണ്ടയ്ക്ക് കോലത്തിന്
തിറയാട്ടം
..ണ്ടണ്ണം ഡിണ്ണിണ്ണം
..ണ്ടണ്ണം ഡിണ്ടിണ്ണം
കാവു നിറയുന്ന
താളപ്പെരുക്കത്തിൽ
നാടുണരുന്നേ
നിറയുന്നേ....

പവിത്രൻ മണാട്ട്
അധ്യാപകൻ



# പൂമ്പാറ്റ

പലനിറമോലും പൂമ്പാറ്റ........
ചിത്രം പോലെ പൂമ്പാറ്റ........
എന്തു രസം..എന്തു രസം പൂമ്പാറ്റേ
നിന്നുടെ അഴക് എന്ത് രസം.
പലപല നിറത്തിൽ പാറി നടക്കും
അഴകുള്ളവളാം പൂമ്പാറ്റ
പൂമ്പൊടി പൂശും പൂമ്പാറ്റ
തേൻ നുകരാൻ പോരുന്നോ?
എന്നുടെ കൂടെ പോരുന്നോ?

ഗാഥ. എൻ മോഹൻ
നാലാം തരം

# തുമ്പേ നീ......



അവൾ ഏറെ പ്രതീക്ഷകളുമായി അന്നും പുലർച്ചെ എഴുന്നേറ്റു. മഞ്ഞിൻ്റെ കുളിര് പുതച്ചുകൊണ്ട് അവൾ താൻ നട്ട തുമ്പച്ചെടിയുടെ അടുത്തേയ്ക്ക് നടന്നു. “ഇല്ല,

അവളിനിയും വളർന്നിട്ടില്ല. അതിൽ നിന്നും ഒരു തളിരിലപോലും ആകാംക്ഷയോടെ തലയുയർത്തിയിട്ടില്ല". ചെറുപ്പം തൊട്ടേ അവളുടെ കൂട്ടുകാർ ആ പറങ്കിമാവും പൂന്തോട്ടവുമാണ്. നീലമൂടിയ ആകാശത്തിന് താഴെ തുമ്പച്ചെടിയുടെ കീഴിൽ കിന്നാരം ചൊല്ലാൻ വരുന്ന നിശാശലഭങ്ങളെ അവളേറെ സ്നേഹിച്ചു. നിറങ്ങൾ അവൾക്കത്ഭുതമാണ്. നിലാവ് അവളുടെ തോഴനാണ്. അവളുടെ ചുറ്റുമുള്ള പ്രകൃതിയാണ് അവൾക്കാനന്ദം... ....

അങ്ങനെയിരിക്കെയാണ് ആ അറിയിപ്പ് വന്നത്. വേണിയ്ക്ക് അമേരിക്കയിൽ ജോലി കിട്ടിയിരിക്കുന്നു. ആ വാർത്തയറിഞ്ഞതുമുതൽ വീട്ടുകാർക്കുത്സവമായിരുന്നു. കാരണം, ഇത്രയും കാലം നീണ്ടുനിന്ന ദാരിദ്ര്യത്തിന് തിരശ്ശീലവീണല്ലോ എന്നോർത്ത്.

എന്നാൽ വേണിയുടെ ഉള്ള് തേ ഉള്ള് തേങ്ങുകയായിരുന്നു. തൻ്റെ സ്വന്തം പ്രകൃതിയിലെ സുന്ദരമായ ഈ നിൽക്കുന്ന ക ര്യം അവൾക്കോർക്കാൻ കൂടി വയ്യായിരുന്നു. എന്നാൽ വീട്ടിലെ പ്രാരാബ്ധങ്ങൾ അവൾക്കുകിട്ടിയ അവസരത്തെ തട്ടിമാറ്റാൻ അനുവദിച്ചില്ല. പോകണമെന്നുറച്ചു. നവംബർ 15ന് മുമ്പായി അങ്ങെത്തണം. ഇന്ന് നാളെ പോകുന്നതാണ് . നാളെയാ ണെങ്കിൽ നമുക്ക് അഞ്ച് മണിയുടെ ഫ്ളൈറ്റ് ബുക്ക് ചെയ്യാം- രാമേട്ടൻ ഉമ്മറത്തുനിന്ന് വീട്ടുകാരോടായി പറഞ്ഞു. രാമേട്ടൻ

പറയുന്നതിനോട് എല്ലാവരും യോജിച്ചു. വിവരം വേണിയുടെ കാതിലുമെത്തി. "ഇത്ര പെട്ടെന്നോ? അവളുടെ സ്വരം ദയനീയമായി. പിറ്റേന്നത്തെ പ്രഭാതം വേണിയ്ക്ക് ഏറെ ദുഃഖമുള്ള തായിരുന്നു. മടിച്ചുമടിച്ചാണെങ്കിലും അവൾ വീടിൻ്റെ പടിയിറങ്ങി. നേരെ പോയത് തൻ്റെ പ്രകൃതിയുടെ ജാലകം തുറക്കാൻ, അതിൽ പൂന്തോട്ടവും പുഴക്കളും വർണ്ണങ്ങളാൽ ചാലിച്ച പൂക്കളും ഒക്കെയുണ്ടായിരുന്നു. എന്നാൽ ഒരു വ്യത്യാസം മാത്രം. അവളുടെ മുഖം വിഷാദം കൊണ്ട് മൂടിയിരുന്നു. വേണിയ്ക്ക് യാത്രപറയാൻ മണിക്കൂറുകൾ വേണം. മനുഷ്യരോടല്ല, പ്രകൃതിയോട്. താൻ സ്നേഹിക്കുന്ന നിഷ്കളങ്കരായ സസ്യ ലതാദികളോട് എല്ലാറ്റിനുമുപരി താനേറെ സ്നേഹിക്കുന്ന തന്റെ തുമ്പച്ചെടി. അവൾ തൻ്റെ ഉറ്റതോഴരോടായി നിറകണ്ണുകളോടെ യാത്ര പറഞ്ഞു. തുമ്പച്ചെടിയുടെ അതാ, അതിൽ തളിരിലകൾ വിടർന്നിരിക്കുന്നു. വേണി തുമ്പയെനോക്കി പറഞ്ഞു. എൻ്റെ തുമ്പേ, ഞാൻ വരും. അപ്പോൾ നീ ദേ, ഇത്രേം വളരണം കേട്ടോ, അവൾ തുമ്പച്ചെടിയുടെ മാറിൽ തലോടി. "വേണീ ദേ, വണ്ടിയുമായി രാമേട്ടനെത്തി, അമ്മ ഉമ്മറത്തുനിന്നും വിളിച്ചു പറഞ്ഞു. അവൾ ഒരിക്കൽ കൂടി തൻ്റെ (പ്രിയതോഴര എന്നുമോർക്കാനായി തൻ്റെ ക്യാമറക്കണ്ണുകൾ തുമ്പച്ചെടിയുടെ മെലിഞ്ഞ ശരീരം ഒപ്പിയെടുത്തു. യാത്ര പറഞ്ഞിറങ്ങുമ്പോൾ മനസ്സ് ആകെ വിങ്ങുകയായിരുന്നു. അപ്പോഴവൾ ഏറെ അസ്വസ്ഥയായിരുന്നു. തുമ്പച്ചെടി തന്നെ ദൈന്യതയോടെ നോക്കുന്നതായി

അവൾക്കുതോന്നി. അതിൻ്റെ തളിരിലകൾ ഓരോന്നായി അടർന്നുവീണുകൊണ്ടേയിരുന്നു.

പ്രതീക്ഷയുടെ നാളുകൾ എല്ലാം അണയുകയായിരുന്നു. "അമ്മേ, അവൾ വളർന്നോ? എന്റെ തുമ്പച്ചെടി! വേണി ഫോണിലൂടെ അമ്മയോട് ◌ൂന്നു. ലോകത്തിന്റെ സംസാരിക്കുകയായിരുന്നു. അർഥശൂന്യമായ സഞ്ചാരത്തിനിടയിൽ അതൊരു അർത്ഥമില്ലാത്ത ചോദ്യമായിരുന്നു.

"കാലം കാലനാണ്. അവ നിമിഷത്തെ കൊല്ലുന്നു. യാഥാർത്ഥ്യത്തെ ഓർമകളാക്കുന്നു. ഓർമകളെ ജീവച്ഛവമാക്കുന്നു. കാലത്തിൻ്റെ

കൂർത്തമുനകളേറ്റ് ലോകം തന്നെ മാറി മറയുന്നു.

അനന്തമായ നിശബ്ദത.....കാലങ്ങൾക്ക് ദൈർഘ്യമേറുന്നു. ഓർമകൾക്കു പഴക്കമേറുന്നു. അങ്ങനെ നഗരത്തിൻ്റെ ഇടതൂർന്ന അന്ധകാരത്തിൽ നിന്നും തൻ്റെ ഗ്രാമത്തിലേക്കുള്ള വഴികൾ അവൾക്കു മുന്നിൽ തുറക്കപ്പെട്ടു. നാളുകൾക്കുശേഷം അവൾ തന്റെ ഗ്രാമത്തിലേക്കു തിരിച്ചു വരുന്നു. വിവരം ഫോണിലൂടെ നാട്ടിലറിയിച്ചു. അന്നുതന്നെ അവൾ പുറപ്പെട്ടു. വിമാനയാത്ര അവൾക്ക് രസകരമായി തോന്നിയില്ല. ഫ്ളൈറ്റിറങ്ങി ടാക്സിയിൽ കയറി ബസ്സ്റ്റോപ്പ് ബസ്സ്റ്റോപ്പ് ലക്ഷ്യമാക്കി നീങ്ങി. അവൾ ബസ്സിനായി കാത്തുനിന്നു. അതാ, വാഴയൻകോട് ബസ്സ് വരുന്നു. അവൾ അതിൽ കയറി. നഗരത്തിലെ പൊടിപടലത്തിൽ നിന്നും ഒരിത്തിരി ശുദ്ധവായു ശ്വസിക്കാൻ അവൾ കൊതിച്ചു. കൂടാതെ തൻ്റെ വരവും കാത്ത് പ്രതീക്ഷയോടെ തുമ്പച്ചെടിയെയും കാത്തിരിക്കുന്ന

"വാഴയൻകോട്" "വാഴയൻകോട്" ക്ലീനറുടെ ശബ്ദം കേട്ടാണുണർന്നത്. അവൾ ബസ്സിറങ്ങി. പണ്ട് ഇവിടെ നിന്നിരുന്ന പടുകൂറ്റൻ

ആൽമരമെവിടെ? അതിന്റെ സ്ഥാനം ശൂന്യം ! സമീപത്ത് വലിയ ഒരു ഫൈവ് സ്റ്റാർ ഹോട്ടൽ. "വേണീ..... വന്നവഴി മറന്നോ? രാമേട്ടൻ ! ഇല്ല മറന്നത് നിങ്ങളൊ ക്കെയാ...നിങ്ങളെല്ലാവരും എന്നെ കബളിപ്പി ക്കുകയാ. അവളുടെ നാവിൽ നിന്നും അക്ഷരങ്ങൾ തെന്നിത്തെറിച്ചു. അവൾ വീട്ടിലേക്കു നടന്നു. എന്നാൽ വീട് കണ്ടതോടെ അവൾ അത്ഭുതപ്പെട്ടു. ആ പഴയ നാലുകെ ട്ടെവിടെ ? ആധുനികതയുടെ കോൺക്രീറ്റ് നിലം അവളവിടെ ദർശിച്ചു.

"നീവന്നോ" അമ്മ ഉമ്മറത്തു നിന്നും വിളിച്ചു. അമ്മയെ കണ്ടപാടെ അവൾക്ക് ചിരിപൊട്ടി.

അമ്മ ചുരിദാർ ഇട്ടിരിക്കുന്നു. കരച്ചിലായി. പിന്നീടതൊരു നിലവിളിയും. അവളുടെ മുന്നിൽ

ഇപ്പോൾ തുമ്പച്ചെടിയില്ല, നിശാശലഭങ്ങളില്ല, പ്രതീക്ഷയുടെ കണികകൾ ഒന്നുപോലും അവൾക്കു മുന്നിൽ അവശേഷി ക്കുന്നില്ല. അന്ധകാരം മാത്രം. എല്ലാം ഒറ്റപ്പെട്ടവൻ്റെ മുന്നിലെ അന്ധകാരം.

കാവ്യ.കെ

# ഓർമകുറിപ്പ്

എനിക്ക് എന്റെ ജീവിതത്തിൽ ഏറ്റവും സന്തോഷമായ ഒരു സംഭവം ഉണ്ടായി. ഇതുവരെയായും എനിക്ക് എങ്ങനെ ആരും സന്തോഷം തന്നില്ല.എന്റെ അനിയൻ ആയിരുന്നു എനിക്ക് ഈ സന്തോഷം തന്നത്. എന്റെ ജന്മ ദിനം ഡിസംബർ 13 ന്ന് ആയിരുന്നു. എനിക്ക് എന്റെ ജന്മ ദിനം ഓർമയുണ്ട്. പക്ഷെ, എന്റെ ഉമ്മയിക്കും ഉപ്പയിക്കും ഓർമയില്ല. സ്കൂളിലെ പരീക്ഷയുടെ അന്നാണ് എന്റെ ജന്മദിനം. എന്റെ ഉപ്പക്കും ഉമ്മാക്കും ഓർമയില്ല എന്ന് എന്റെ അനിയന്ന് മനസിലായി. എന്റെ അനിയന്ന് അന്ന് രാവിലെ ആയിരുന്നു പരീക്ഷ. എന്റെ അനിയൻ പരീക്ഷ കഴിഞ്ഞ് എന്റെ ഉപ്പാനോടും ഉമ്മനോടും എന്റെ ജന്മദിനം ആണ് എന്ന് പറഞ്ഞു. എന്റെ ഉപ്പ കടയിൽ പോയി കേക്ക് വാങ്ങിച്ചു. എന്റെ അനിയൻ എനിക്ക് ജന്മദിന സമ്മാനം തന്നു. സ്കൂൾ വിട്ട് പോയാ എനിക്ക് നല്ലൊരു സർപ്രൈസ് ആയിരുന്നു. എന്റെ അനിയൻ ഇത് വരെയായും ഇത്ര സന്തോഷം എനിക്ക് തന്നില്ല. ആദ്യമായി എന്റെ ജന്മദിനം ഓർമിച്ചു എന്റെ ഉപ്പക്കും ഉമ്മക്കും പറഞ്ഞുകൊണ്ടുത്തു നല്ല രീതിയിൽ തന്നെ എന്റെ ജന്മദിനം ആഘോഷിച്ചു. ഇതിനെല്ലാം കാരണം എന്റെ അനിയൻ ആണ്. എന്റെ വളരെ സന്തോഷം ആയി...



FIDHA SHERIN. P
8th B

കഥ

# ബന്ധങ്ങൾ ബന്ധനങ്ങൾ

ഭാരിച്ച ചുമടുകളുമായി കുന്നിക്കരഗ്രാമത്തിലെ ചെമ്മൺ പാതയിൽ ബസ്സിറങ്ങിയപ്പോൾ, ഉടഞ്ഞ തും ഉടയാത്തതുമായ ആശയാഭിലാഷങ്ങളുടെ കടുംപിടുത്തമായിരുന്നു. മനസ്സു നിറയെ ഒരു വിചിത്ര ജീവിയെന്നോണം താണും ചരിഞ്ഞും ഗോഷ്ഠി കാട്ടു ന്ന ജനങ്ങളെ കണ്ടില്ലെന്നു നടിച്ചു. ചെമ്മൺ പാത യോട് വിട പറഞ്ഞ് വയൽവരമ്പുകളെ അഭയം പ്രാപിച്ചപ്പോൾ 'കഥാഭണ്ഡാര'മായ മുത്തശ്ശിയെ പോലെ വയൽ എന്നോട് പിണക്കം ഭാവിച്ചു. അറിയാതെയാണെങ്കിലും വള കിലുക്കിച്ചിരിക്കുന്നു. തോടു കളെ കൈകളാൽ താലോലിച്ചു. വയലിൻ മാറ് കീറിമുറിച്ച് പൊന്ന് വിളയിക്കുന്ന കറുത്ത് മെലിഞ്ഞ് വിയർപ്പുതിരുന്ന മനുഷ്യരിൽ പലരും എനിക്ക് അജ്ഞാതരായിരുന്നു. വയലുകളുടെ രക്ഷിതാക്കളായി തലയുയർത്തി നില്ക്കുന്ന തെങ്ങുകളും, കവുങ്ങു കളും, പുളിമരങ്ങളും. കുഞ്ഞിക്കൈകളാൽ വെള്ളം ചൊരിഞ്ഞപ്പോൾ കണ്ണുകളിൽ തങ്ങിനിന്ന നക്ഷത്ര ത്തിളക്കത്തിന് ഇത്രയും ഫലമുണ്ടാകുമെന്ന് ഊഹി ച്ചതുക്കൂടിയില്ല. വിസ്മരിച്ചുപോയ കഥകൾ പറഞ്ഞ് അവ എന്നെ ഗതകാലസ്മൃതികളിലേക്ക് വലിച്ചിഴക്കു കയാണോ? അവയുടെ ഓരോ ചലനത്തിലും അർത്ഥ സമ്പുഷ്ടമായ ഒരുപാട് നഗ്നസത്യങ്ങൾ ഒളിഞ്ഞു കിടക്കുന്നതായി എനിക്ക് തോന്നി.

കാടു പിടിച്ചു കിടന്ന വഴിയോരങ്ങളിലേക്ക് തിരിഞ്ഞപ്പോൾ നിശ്ശബ്ദതയുടെ നീരാളിക്കൈകൾ വലയം ചെയ്തുകഴിഞ്ഞിരുന്നു. പടിപ്പുരയുടെ ഇരുവശങ്ങളിലും 'ഒഴിയാബാധ' പോലെ പുൽപ്പടർപ്പുകൾ നിന്നിരുന്നു. പറമ്പിലെ അണ്ണാറക്കണ്ണൻമാർ വാൽ വിറപ്പിച്ച് എന്റെ ആഗമനം വിളിച്ചറിയിക്കുന്നുണ്ടായിരുന്നു.

ആത്മസംയമനത്തിന്റെ പ്രതീകങ്ങളായി നിലകൊണ്ട് കുറ്റൻ തൂണുകൾ ദൂരെനിന്നു തന്നെ എന്നെ മാടി വിളിച്ചു. നോക്കി നടത്തിപ്പില്ലാത്തതുകൊ ണ്ടാവാം, അവിടവിടെ വിള്ളലുകൾ സൃഷ്ടിച്ച് ആകെ കൂടി ഭീകരത വിളിച്ചോതുന്ന അകത്തളങ്ങൾ.

പടിപ്പുര കടന്ന് ഒരു അപരിചിതയെപ്പോലെ ഞാൻ ഉമ്മറത്തേക്ക് കയറി കാലിലപ്പടി ചെമ്മണ്ണ് പറ്റിയിരുന്നു. വാലൻ കിണ്ടിയിലെ വെള്ളം എന്നെ നോക്കി പുഞ്ചിരിച്ചു.

ഉമ്മറത്തു തന്നെ കുറ്റൻ വല സൃഷ്ടിച്ചു കൊണ്ട് അവകാശമുറപ്പിച്ചിരിക്കുന്ന ചിലന്തിയെ ഉപദ്ര വിക്കാൻ പോയില്ല. ആകപ്പാടെ മാറാല പിടിച്ചിരിക്കുന്ന മേൽക്കൂരകൾ എന്നെ ശ്വാസം മുട്ടിച്ചു തുടങ്ങിയിരു

ചാരുകസേര ഒരു മൂലയ്ക്ക് ഒതുങ്ങിക്കൂടി - അനാഥ പ്രേതത്തെപ്പോലെ-

"ന്റെ കുട്ട്യേ, വരുംന്ന് പറഞ്ഞിരുന്നു, ന്നാലും ഇന്ന് നിരീച്ചില്യ."

നാണിയമ്മയുടെ പിന്നിൽ നിന്നുള്ള ആ 'കുട്ടി' വിളിയിൽ പരിഭവത്തിന്റെ കുസൃതിക്കുട്ടികൾ നൃത്തം വെച്ചിരുന്നു. മുഖത്ത് പുഞ്ചിരി വരുത്തിച്ചു എന്റെ പുഞ്ചിരി നാണിയമ്മയുടെ സംശയം

ദൂരീകരിയപോലെ തോന്നി; ഓർക്കാപ്പുറത്തുള്ള ത്തി ആശയക്കുഴപ്പം മൈലുകൾക്കപ്പുറത്തേക്ക് ഉപേക്ഷിയ

കൈയിലിരുന്ന ക്രൂറ്റൻ ബാഗും പുസ്തകങ്ങളും നാണിയമ്മ കൈക്കലാക്കി കഴിഞ്ഞിരുന്നു. അപ്പോ

ഴേക്കും ഓർമ്മകൾ ചെന്നെത്താത്ത നാളുകൾ തൊട്ട് നാലുകെട്ടിന്റെ അടുക്കളഭരണം ഏറ്റെടുത്തവളായി രുന്നു നാണിയമ്മ കാലത്തിന്റെ കുസൃതിക്കൈകൾ

മുഖത്തും മുടിയിലും ചിത്രം വരയപ്പോഴും, പതറാതെ ഒരു അദൃശ്യദേവതയായി അവർ മുകതയുടെ പര്യായ ങ്ങളായ അകത്തളങ്ങളെ സജീവ മാക്കിയിരുന്നു. സെറ്റുമുണ്ടും ചന്ദനക്കുറിയുമായി ഇന്നും കൺമുന്നിൽ മായാതെ നില്ക്കുന്ന നാണിയമ്മയുടെ

നിശ്ശബ്ദതയെ കീറി മുറിയ് എന്റെ വാക്കുകൾ പുറത്തേക്കൊഴുകി.

"വല്ല്യമ്മാമയ്ക്ക് ഇപ്പം ക്രൂടുതലൊന്നും ഇല്ല്യാ ലോ.ല്ലേ."

അല്പം പരുക്കൻ സ്വരത്തിൽ നാണിയമ്മ പറ

"മരുന്നും മന്ത്രോം ഒക്കെ നോക്കിയില്ലേ, ൻറ കുട്ട്യേ? മുകളിലുള്ളോളെ വിളിയ് കരയാത്ത ദിവസില്ലി വി...... ആ... എന്ത് പറയാനാ.

ദീർഘനിശ്വാസം ആശ്വാസവചനങ്ങളായി അവർ എന്റെ നേരെ ചൊരിയുകയാണോ? അറിയില്ല.

ചിതലരിയ കാലുകളുമായി നിലകൊള്ളുന്ന കട്ടിലിൽ ജീവച്ഛവമായി കിടക്കുന്ന വല്ല്യമാമയെ കണ്ടു;- അല്പം വേദനയോടെയാണെങ്കിലും എൻറ പാദചലനം കേട്ടാവണം, അമ്മാമ മെല്ലെ ചരിഞ്ഞു നോക്കി ദുഃഖം തളം കെട്ടി നിൽക്കുന്ന തളർന്ന കണ്ണുകൾ പരിചിതഭാവം കാണിച്ചു. ചുണ്ടുകൾ വിതു മ്പി. എഴുന്നേൽക്കാൻ ശ്രമിച്ചു. എങ്കിലും തളർന്ന ശരീരം വിസമ്മതിച്ചു. ഞാൻ അദ്ദേഹത്തെ താങ്ങിയിരു

ഏതോ ഗുഹാശബ്ദം പോലെ തളർന്ന സമ ങ്ങൾ മുഖത്തു നിന്ന് അടർന്നു വീണു. - "വന്നിട്ട് ശ്ശ നേരായോ" മറുപടി ഞാൻ മുളലിലൊതുക്കി. ഒരു നിർദ്ദേശമെന്നോ ണം ഞാൻ പറഞ്ഞു. "അമ്മാമ മരുന്നൊക്കെ സമയ ത്തിന് കഴിക്ക്യായാ മാറാവുന്നതല്ലേയുള്ളൂ." ക്ഷീണസ്വരങ്ങൾ വീണ്ടും ഒഴുകിയെത്തി. "നിക്കെന്തിനാ

കുട്ട്യീ, മരു ന്ന്, ഇന്ന് നാളെന്ന് കാത്തി രിക്കണ എനിക്ക് ന്തിനാ നീയ് ഇല്ലാത്ത പൈസ ചെലവാക്കണേ എൻ ഉണ്ണി ക്ക് കൃതിയായീന്ന് തോന്ന് ണു. ഇന്നും വിളിച്ചു അവൻ അങ്ങ്ട് ചെല്ലാനേയി എന്നിലുള്ള വിതുമ്പൽ അലമുറയുടെ അത്യുഗ്ര രൂപം കൈക്കൊണ്ടുകഴി ഞ്ഞിരുന്നു. അപ്പോഴേക്കും. "നന്ദിനി വന്ന് കേറിയതല്ലേ യുള്ളൂ. ഒന്നും കഴിയിട്ട്ണ്ടാ വല്ല. നാണിയേ.. അവളെ വിളിയ് വല്ലതും കൊട്ക്കാ."

സ്നേഹത്തിന്റെ മൂർത്തീ ഭാവങ്ങളായി കരുതിയ വാക്കുകൾ. വിശപ്പ് അതിന്റെ സകല താണ്ഡവങ്ങളും ആരംഭി യു കഴിഞ്ഞിരുന്നു. പിന്നെ RAN ആലോചിയില്ല. അറപ്പുരയിലേക്ക് കാലുകൾ നീങ്ങി

നാക്കിലയിലെ കുത്തരിച്ചോറിന്റെ മണം നാക്കി നെ ലഹരി പിടിപ്പിച്ചിരുന്നു. പണ്ടെന്നോ അനുഭവിച്ച സ്വാദ് ഇതാ വീണ്ടും നാവിൻ തുമ്പത്ത് ഏതോ നിയോഗം പോലെ.

ഉപ്പേരിയും പപ്പടവും അവിലും കൂട്ടി നാക്കി ലയിൽ ഉണ്ട് ആ ചോറിന് എന്തുകൊണ്ടോ ഉണ്ണിയേട്ട നോടൊന്നിച്ച് തിന്ന പഞ്ചസാരമാങ്ങയുടെ രുചി തോന്നിയില്ല. ഏതോ വിഭവം നഷ്ടമായ പ്രതീതി.

കുട്ടിക്കാലത്ത് ഇതുപോലൊരു നാക്കിലയിൽ തന്നോടൊപ്പം ഉണ്ണാൻ ഉണ്ണിയേട്ടനുമുണ്ടായിരുന്നു.

അന്ന് മുട്ടൻ പുളി പറിച്ചു തരാൻ താനുണ്ടാക്കിയ "കണി ഇന്നും കഷണിക്കാതെ തന്നെ മനസ്സിലേക്ക് കടന്നു വരുന്നു.

"ദേ ഉണ്ണിയേട്ടാ, ചോറിന്റെ മുന്നിലാ കളി, വാക്ക് തെറ്റിയാലേ, കണ്ണ് പൊട്ടയാവും" പേടിച്ചിട്ടോ എന്തോ എനിക്ക് ഏതായാലും കിട്ടി ഒരു വമ്പൻ

അന്തരീക്ഷത്തിൽ ശൂന്യതയാണോ അതോ മൂകതയോ, വേർതിരിക്കാൻ കഴിഞ്ഞില്ല. ഊണ് കഴി ഞ്ഞ് വെറുതെ പറമ്പിൽ അലഞ്ഞുതിരിഞ്ഞു. ചിന്തക ൾ ദുർഭൂതങ്ങളെപ്പോലെ പിൻതുടർന്നപ്പോൾ സൂര്യൻ പടിഞ്ഞാറോട്ട് നീങ്ങിയത് ഞാൻ അറിഞ്ഞതേയില്ല.

"നന്ദിനിയേ, ഒന്ന് കുളിച്ച് വന്നൂടേ കുട്ടേ?" സ്നേഹാദരങ്ങളോടെയുള്ള നാണിയമ്മ യുടെ ഉപദേശം അടുക്കളച്ചുമരുകൾക്കുള്ളിൽനിന്നും പുറത്തേക്കൊഴുകി. തോർത്തുമെടുത്തു അടുക്കള വരമ്പിലൂടെ നടന്ന്, കല്പടവുകൾ ഇറങ്ങി. തെല്ലുനേരം തെളിഞ്ഞ വെള്ളത്തിൽ ഉറ്റു നോക്കി, ചെറുകല്ലുകൾ വെള്ളത്തിലേക്ക് പതിച്ചപ്പോൾ മനസ്സിലെവിടെയോ ഒരു വിളി കേട്ടോ ഞാൻ....? ദൂരെ മങ്ങിയ ഒരോർമ്മ

കുളത്തിൽ നീന്തിത്തുടിക്കുന്ന കളിക്കൂട്ടു കാർ മേൽവിലാസമെന്ന് പറയാൻ അമ്മാവൻ നാരായ ണൻ നമ്പൂതിരി മാത്രമായുള്ള നന്ദിനിക്കുട്ടിയും, വിളക്കിൽ ഇല്ലത്ത് നാരായണൻ നമ്പൂതിരിയുടെ മകൻ ഉണ്ണിക്കൃഷ്ണനും അച്ഛനമ്മമാരെ കണ്ട ഓർമ്മ യില്ല. നന്ദിനിക്ക്. വസൂരി വന്നാണ് അവർ മരിച്ചതെന്ന് മറ്റുള്ളവർ പറഞ്ഞതു കേട്ട് അതും വിശ്വസിച്ച് ജീവിച്ചു പോരുന്ന ഒരു പാവം. ഏഴാം ക്ലാസിൽ പഠിക്കുന്ന ഉണ്ണിക്ക് വഴക്ക് കൂട്ടാനും, ഇണങ്ങാനും പിണങ്ങാനും ഒരു കൂട്ടാളി - അതായിരുന്നു നന്ദിനി ഹൈസ്കൂൾ വിദ്യാഭ്യാസം കഴിഞ്ഞ് ഉണ്ണി പട്ടണത്തിലേക്ക് റിയപ്പോൾ 'കൃഷ്ണനില്ലാത്ത അമ്പാടി' പോലെ മൂകതയിലാണ്ട് അകത്തളങ്ങൾ, വേദനാത്മകമായ ഒരനുഭവം തന്നെയായിരുന്നു അത്.

താമസിയാതെ ഞാനും കണ്ടു. രണ്ട് ന്ന 'മഹാസമുദ്രം', താരതമ്യേന ഉയർന്ന മാർക്കോടെ പ്രീ-ഡിഗ്രി കടമ്പ് കടന്നപ്പോഴേക്കും എഞ്ചിനീയർ സ്വപ്നവുമായി തന്റെ അടുക്കൽ നാവിൽ പറന്നു കഴിഞ്ഞപ്പോൾ, തടയാൻ മനസ്സനുവദിച്ചിരു

ന്നില്ല. ബി.എ. മലയാള സാഹിത്യത്തിൽ താൻ
പാസ്സായത് ഒന്നാം ക്ലാസ്സോടെ, ഉയർന്ന മാർക്കോട്ട് കൂടിയായിരുന്നു. ഇടയ്ക്കിടെ കീറക്കടലാസ്സിൽ കുത്തി കുറിക്കാറുള്ള കഥകളും, കവിതകളും, താനറിയാതെ ഗ്രഹിക്കുന്ന ഉണ്ണിയേട്ടന്റെ മുഖം ഇന്നും മായാത്ത ചിത്രമായി അവശേഷിക്കുന്നു. ഒരിക്കൽ ഒരു കമൻറും

പാസ്സാക്കുകയുണ്ടായി. "ഓ, ഇവിടൊരാള് കഥയെഴുതിയില്ലാന്ന് വെച്ച് ആകാശം ഇടിഞ്ഞു വിഴാനൊന്നും പോവുന്നില്ലാ ട്ടോ..."

ദേഷ്യവും സങ്കടവും ഒരുമിച്ചു വന്നു. ഇത്തര ത്തിലൊരു പ്രതികരണം പ്രതീക്ഷിച്ചിരുന്നതല്ല. മുഖം വീർപ്പിച്ചിരിക്കുമ്പോൾ വീണ്ടും സാന്ത്വനിപ്പിക്കാനെന്ന വണ്ണം ഉണ്ണിയേട്ടൻ പറയും-

"ഇദാപ്പോ നന്നായേ... ഞാൻ വെറുതേ പറഞ്ഞതല്ലേ.." പറമ്പിലെ പുളിമരത്തിൽ അണ്ണാരക്കണ്ണനെ പ്പോലെ പാറി നടന്ന ഉണ്ണിയേട്ടനിൽ ഞാൻ ദർശിച്ചത് യുവത്വത്തിന്റെ വസന്തമായിരുന്നോ...
"നന്ദിനിയേ.... എണ്ണ തലയിൽ പോത്തി ഇങ്ങി നെയിരുന്നാലേ..... ജലദോഷം വരാൻ അധികകാലം വേണ്ടി വരില്ലാട്ടോ.." പിന്നിൽ ഉപദേശവുമായി വീണ്ടും നാണിയമ്മ പ്രത്യക്ഷപ്പെട്ടു.
"ഞാൻ കുട്ടി ആലോചിക്കണേ?" "ഒന്നൂല്ല്യാ, നാണിയമ്മേ, വെറുതേ ഓരോന്ന്... കാര്യോന്നുല്ല്യ"

"അതല്ലാ, കുട്ട്യേ, വന്നപ്പൊ തൊട്ട് ഞാൻ ശ്രദ്ധിക്ക്യാ. ഉണ്ണീടെ കാര്യാണേങ്കി അങ്ങ് വിട്ട് കള പോയോരെ തിരിച്ചെടുക്കാൻ നമ്മുക്കാവ്വോ..."

നഷ്ടബോധത്തിൻറെ കനലുകൾ എന്നിൽ നാമ്പിടുകയായിരുന്നു. ഞാനെന്തിനാ വെറു തേ അടഞ്ഞ അധ്യായങ്ങൾ തുറക്കുന്നത്. ശുദ്ധമണ്ടത്തരം തന്നെ.

തന്റെ ഉണ്ണിയേട്ടനെ ദൈവം തട്ടിയെടുത്ത പ്പോൾ ആകെ ഒരു സ്തംഭനാവസ്ഥ. ജീവിതം തന്നെ കരകയറാനാവാത്ത ഒരു പടുക്കുഴിയിൽ അകപ്പെട്ട പോലെ, മലയാളസാഹിത്യത്തിൽ മാസ്റ്റർ ബിരുദം നേടി ആലപ്പുഴയിലെ കോളേജിൽ ഔദ്യോഗിക ജീവി തത്തിന് തുടക്കമിട്ടപ്പോൾ എടുത്താൽ പൊങ്ങാത്തത്ര മണ്ണിനങ്ങളും മാഹങ്ങളുമായിരുന്നു മനസ്സിൽ ഉണ്ണിയേട്ടന്റെയും തന്റെയും കൈകൾ യോജിപ്പിച്ചു. കാണാൻ ആഗ്രഹിച്ചവരുടെ മുൻനിരയിൽ അമ്മാവൻ കയ്യമുറുക്കിനിന്നപ്പോൾ എന്തെന്നില്ലാത്ത സന്തോഷ
മായിരുന്നു മനസ്സുനിറയെ അത്യാനന്ദം ഓരോന്നും സങ്കടത്തിൽ അവ

സാനിക്കും എന്നത് മറന്നുപോയിന്നോ ഞാൻ) ശരി യാ......ശരിക്കും ഞാനത് മറന്നു ഒരു ബൈക്കപക ടം കാര്യങ്ങളൊക്കെ മാറ്റിമറിച്ചപ്പോൾ തളർന്നു പോയി 'ക്രനിൻമേൽ കുരു' പോലെ വല്യമ്മയുടെ കാലുകളെ തളർവാതം ഗ്രസിച്ചുകഴിഞ്ഞിരുന്നു. ഒന്നി തും വിധിയെ പഴിക്കാൻ തോന്നിയില്ല.

ദശവർഷങ്ങൾ കടന്നുപോയിരിക്കുന്നു; താൻ ഈ നാട് വിട്ടിട്ട് ഇതാ ഒരു പ്രദോഷം കൂടി ഞാനീ നാലുകെട്ടിലിരുന്ന് കാണാൻ പോവുന്നു. നാളെ ചുലരി തൻ പൊൻപായ ഇവിടങ്ങളിൽ വിരിക്കു മ്പോൾ തന്റെ കാലുകൾ ഈ മണ്ണിനെ ചവിട്ടിത്ത ഇളാൻ വെമ്പുകയാവും

സരസ്വതി ക്ഷേത്രത്തിൽനിന്ന് പ്രഭാതഗീതം ഉയർന്നുകേൾക്കായി ധൃതിയിൽ കാപ്പി പലഹാരങ്ങൾ കഴിച്ച്, മൂലയിൽ ഉപേക്ഷിച്ച ബാഗ് കയ്യിലെടുത്തു വല്യമ്മാമയുടെ മുറിയുടെ വാതിൽക്കൽ ക്ഷണനേരം നിന്നു. യാത്ര ചോദിക്കാൻ മനസ്സ് അനുവദിച്ചില്ലെ ങ്കിലും നിവൃത്തിയില്ലായിരുന്നു.

കാര്യം മനസ്സിലായ മട്ടിൽ വല്ല്യമാമ ചോദിച്ചു. "പൂവ്വാല്ലേ" തെല്ലിട നിർത്തിയിട്ട് വീണ്ടും തുടർന്നു.

"നിക്ക് ആഗ്രഹംണ്ട്. യ്യ് ഇനിയും ങ്ങനെ കഴിഞ്ഞാ മത്യോ, ന്താ നന്ദിനി ഒന്നും പറയാത്തെ.."

"ഒന്നൂല്ല്യ" എങ്ങനെയെങ്കിലും രക്ഷപ്പെട്ടാൽ മതിയെന്നായി എനിക്ക്. ആലോചിച്ചു നിൽക്കെ ഒരു പഴുതെന്ന പോലെ അമ്മാമ പറഞ്ഞു.

"ഇനി നിന്നാ വണ്ടി കിട്ടില്ല്യ. താമസിക്കേണ്ട കുട്ട്യേ, പുറപ്പെട്ടോളൂ "

വറുത്തുപ്പേരിയുടെ ഒരു വലിയ കെട്ട് ബാഗി ലാക്കാൻ സഹായിക്കുന്നതിനിടയിൽ നാണിയമ്മ ചോദിച്ചു: "ഇനി എന്നാ...

ഉത്തരം കിട്ടാത്ത ചോദ്യത്തിനു മുന്നിൽ ഞാനൊന്നു പകച്ചു. ഇല്ല ഒന്നിനും കൃത്യമായ ഒരു ഉത്തരമില്ലല്ലോ എനിക്ക്

നിറഞ്ഞ കണ്ണുകളോടെ നാണിയമ്മയോട് യാത്ര പറഞ്ഞു. വിശാലമായ മുറ്റവും, പടിപ്പുരയും കടന്ന് പുറത്തെ കൽപ്പടവുകളിലെത്തിയപ്പോൾ ഒന്ന് തിരിഞ്ഞു നോക്കിയോ ഞാൻ ദൂരെ... അങ്ങ് ദൂരെ, തിളങ്ങുന്ന കണ്ണുകളുമായി നാണിയമ്മ.

പറങ്കിമാവിൻ കൊമ്പിലിരുന്ന അണ്ണാൻ വാലുയർത്തി യാത്ര പറഞ്ഞു. തെക്ക് നിന്ന് വന്ന ഇളംകാറ്റിന് പതിവിലുമധികം കുളിരുണ്ടായിരുന്നു. എൻ ഉണ്ണിയേട്ടൻ നിശ്വാസങ്ങൾ അവയ്ക്കിട യിൽ ഒളിഞ്ഞു നിന്നപോലെ അപ്പോൾ അങ്ങ് പുളി മരക്കൊമ്പിലിരുന്ന് ആ പത്തു വയസ്സുകാരൻ വിളി ക്കുകയായിരുന്നു.

"നന്ദിനീ, ദേ, വലിയൊരു പുളി, ഒന്ന് കഴിച്ചു നോക്കിയേ, മധുരംണ്ടോന്ന്..."

**നിഷ.ടി**
**സീനിയർ അധ്യാപിക**

# ഷഹബാസിന്റെ വരയിലെ കാർട്ടൂൺ കഥാപാത്രങ്ങൾ











Shahabas K P
9 B